നാസിഹ്

# ഇറാനുമേൽ ഉപരോധം

**അന്താരാഷ്ട്രരംഗത്ത്** എന്തു തെമ്മാടിത്തവും അന്യായവുമാകാമെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. അത് ലോകം കാണുകയും അറിയുകയും ചെയ്യുന്നുവെന്നത് പ്രശ്നമേയല്ല. അമേരിക്കയുടെ കാർമികത്വത്തിൽ ഐക്യരാഷ്ട്രസഭാ രക്ഷാസമിതി ഇറാനെതിരെ നടത്തിയ ഉപരോധ പ്രഖ്യാപനം ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. ഐക്യരാഷ്ട്രസഭയുടെ ശവപ്പെട്ടിയിൽ മറ്റൊരു ആണികൂടിയായി ഡിസംബർ 23-ന് പാസ്സാക്കിയ 1737-ാം നമ്പർ പ്രമേയം. ഐക്യരാഷ്ട്രസഭ അമേരിക്കയുടെ ഉപകരണം മാത്രമാണെന്ന് ഒരിക്കൽകൂടി തെളിഞ്ഞിരിക്കുന്നു.

ആരാണ് രക്ഷാസമിതിയിൽ ആണവഭീഷണിയുടെ പേരിൽ ഇറാനെതിരെ പടനയിച്ചതെന്ന് നോക്കുക- ലോകചരിത്രത്തിൽ ആണവ ബോംബ് വർഷിച്ച ഒരേയൊരു രാജ്യമായ അമേരിക്ക. ഏറ്റവും കൂടുതൽ ആണവായുധങ്ങളുള്ള അമേരിക്ക ആണവ നിർവ്യാപന കരാർ പലപ്പോഴും ലംഘിച്ചിട്ടുണ്ട്. ഇറാന്റെ ആണവപദ്ധതിക്കെതിരെ നിരന്തരം ഭീഷണി മുഴക്കുന്ന ഇസ്രയേലാണ് പശ്ചിമേഷ്യയിലെ ഏക ആണവരാഷ്ട്രം. ഇസ്രയേലിന്റെ പക്കൽ ആണവായുധങ്ങൾ ഉണ്ടെന്നത് രഹസ്യമല്ല. ഇസ്രയേലീ പ്രധാനമന്ത്രി ഈയിടെ അക്കാര്യം വെളിപ്പെടുത്തുകയും ചെയ്തു. ഫലസ്ത്വീനികളെ ആട്ടിയോടിച്ച് അവരുടെ മണ്ണ് കൈയടക്കി ഇസ്രയേൽ സ്ഥാപിച്ചതിനു ശേഷമാണ് പശ്ചിമേഷ്യയുടെ സമാധാനം നഷ്ടപ്പെട്ടത്. ആണവ നിർവ്യാപന കരാറിൽ ഒപ്പുവെക്കാൻ ഇസ്രയേൽ തയാറല്ല. ആണവോർജ ഏജൻസിയുടെ മേൽനോട്ടത്തിലുള്ള പരിശോധനയോട് സഹകരിക്കാനും ഇസ്രയേൽ സന്നദ്ധമല്ല. ആണവായുധങ്ങൾ കൂമ്പാരമാക്കിവെച്ച് ലോകസമാധാനത്തിന് ഭീഷണി ഉയർത്തുന്ന ഇതുപോലുള്ള രാജ്യങ്ങളാണ് ഇറാന്റെ ആണവ പദ്ധതിക്കെതിരെ രംഗത്തിറങ്ങിയിരിക്കുന്നത്.

ഇറാനാകട്ടെ ആണവ നിർവ്യാപന കരാറിൽ (എൻ.പി.ടി) ഒപ്പുവെച്ചിട്ടുണ്ട്. ആണവോർജ ഏജൻസിയുടെ പരിശോധനകളോടും ആ രാജ്യം സഹകരിക്കുന്നു. ആണവ കാര്യത്തിൽ ഇറാൻ നിയമവിരുദ്ധമായി എന്തെങ്കിലും ചെയ്തുവെന്ന് ആണവോർജ ഏജൻസി പറഞ്ഞിട്ടില്ല. ആണവായുധം നിർമിക്കുക ലക്ഷ്യമല്ലെന്ന് ഇറാൻ അധികൃതർ പല തവണ വ്യക്തമാക്കിയതാണ്. ഇന്ധനാവശ്യങ്ങൾക്കാണ് ആണവ പദ്ധതി വികസിപ്പിക്കാൻ ശ്രമിക്കുന്നതെന്നാണ് അവർ പറയുന്നത്. അത് പൂർണമായും അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ നിരീക്ഷണത്തിലാണുതാനും. എൻ.പി.ടിയിൽ ഒപ്പുവെക്കുന്ന രാജ്യങ്ങൾക്ക് സമാധാനാവശ്യങ്ങൾക്ക് ആണവശക്തി ഉപയോഗിക്കാൻ നിയമാനുസൃതമായ അംഗീകാരമുണ്ട്. ആ അവകാശം ഉപയോഗപ്പെടുത്തുക മാത്രമാണ് ഇറാൻ ചെയ്തിട്ടുള്ളത്. ആണവ നിർവ്യാപന കരാർ ഊർജാവശ്യത്തിന് യുറേനിയം സമ്പുഷ്ടീകരണം നടത്താൻ അനുവദിക്കുന്നുണ്ട്. എന്നിരിക്കെ, രക്ഷാസമിതിക്ക് ഇറാനു മേൽ ഉപരോധം ചുമത്താൻ എന്ത് അധികാരമാണുള്ളത്? ഉപരോധപ്രമേയത്തിൽ പോലും ഇറാനെതിരെ എന്തെങ്കിലും തെളിവുന്നയിക്കാൻ അമേരിക്കക്കും ഉപഗ്രഹ രാഷ്ട്രങ്ങൾക്കും സാധിച്ചിട്ടില്ല. പുറമേക്ക് ഇറാനുമായി സൗഹൃദം നടിക്കുന്ന റഷ്യയും ചൈനയും നിർണായക സമയത്ത് കാലു മാറുകയായിരുന്നു. ഒരേ സമയം അമേരിക്കയെയും ഇറാനെയും പ്രീണിപ്പിക്കാൻ ശ്രമിച്ച് രണ്ടു ഭാഗത്തുനിന്നും കാര്യം നേടാനാണ് അവയുടെ ശ്രമം. ഈ കാപട്യത്തെ കുറിച്ച് ഇറാൻ തന്നെ പരോക്ഷമായി സൂചിപ്പിച്ചിട്ടുണ്ട്.

ആണവായുധങ്ങൾ മാനവരാശിക്ക് മുഴുവൻ ഭീഷണിയാണ്. ആണവശക്തി ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപാദനം പോലും സുരക്ഷിതമോ പരിസ്ഥിതിക്ക് യോജിച്ചതോ അല്ല. ചെർണോബിൽ ദുരന്തം ലോകത്തിനു പാഠമാകേണ്ടതാണ്. എന്നിരുന്നാലും കൈയൂക്കുള്ള ചില രാജ്യങ്ങൾ അന്താരാഷ്ട്ര നിയമങ്ങൾക്കും ചട്ടങ്ങൾക്കും വഴങ്ങാതെ ആണവായുധങ്ങൾ കുന്നുകൂട്ടി വെക്കുകയും മറ്റുള്ളവയെ ആണവ സാങ്കേതിക വിദ്യയിൽനിന്ന് തടയുകയും ചെയ്യുന്ന നെറികേടിനെ അംഗീകരിക്കാനാവില്ല. സാമ്രാജ്യത്വത്തിനു വഴങ്ങാത്ത രാജ്യങ്ങൾ കൂടി ആണവശേഷി കൈവരിക്കുന്നത് സായുധ സന്തുലനം നിലനിർത്താൻ ഉപകരിക്കുകയും ചെയ്യും.

യുറേനിയം സമ്പുഷ്ടീകരണം നിർത്തിവെക്കാത്തതിനാലാണ് യു.എൻ രക്ഷാസമിതി ഇറാനെതിരെ ഉപരോധം ഏർപ്പെടുത്തിയിട്ടുള്ളത്. മറ്റു രാജ്യങ്ങൾ ഇറാന് ആണവ സാങ്കേതിക ഉപകരണങ്ങളും ഉൽപന്നങ്ങളും നൽകുന്നത് തടയുകയാണ് ഉദ്ദേശ്യം. ഇറാന്റെ ആണവ ശാസ്ത്രജ്ഞർക്ക് വിദേശ യാത്രാ വിലക്കും പ്രഖ്യാപിച്ചിട്ടുണ്ട്. ആണവപദ്ധതിയുമായി ബന്ധമുള്ള ഏകദേശം പതിനൊന്ന് കമ്പനികളുടെയും വ്യക്തികളുടെയും ആസ്തികൾ മരവിപ്പിക്കാനും പ്രമേയം നിർദേശിക്കുന്നു. ആവശ്യമെങ്കിൽ സൈനിക നടപടി സ്വീകരിക്കണമെന്ന നിർദേശത്തെ റഷ്യയും ചൈനയും എതിർത്തതിനാൽ ഒഴിവാക്കുകയായിരുന്നു. ഇറാന്റെ ആണവ വൈദ്യുതി പദ്ധതിയുമായി റഷ്യ സഹകരിക്കുന്നുണ്ട്. ചൈനക്ക് ഇറാനുമായി എണ്ണ ഇടപാടുമുണ്ട്.

ഇറാനു മേലുള്ള ഉപരോധം അന്താരാഷ്ട്ര സമൂഹത്തിന്റെ നിലപാടല്ല. മുഖ്യമായും ഇസ്രയേലിന്റെയും അമേരിക്കയുടെയും ആവശ്യമാണത്. അമേരിക്ക സമ്മർദങ്ങളിലൂടെയും പ്രലോഭനങ്ങളിലൂടെയും ഭീഷണികളിലൂടെയും രക്ഷാസമിതിയിലെ വഴങ്ങാത്ത രാജ്യങ്ങളെ കൂടി ഈ നിലപാട് സ്വീകരിപ്പിക്കുകയായിരുന്നു. അന്യായമായ ഉപരോധ പ്രമേയത്തെ വകവെക്കാതെ സമാധാനപൂർണമായ ആണവ പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന് ഇറാൻ പ്രഖ്യാപിച്ചിട്ടുണ്ട്. ഉപരോധം സാമ്പത്തികമായി പ്രതികൂലമായി ബാധിക്കില്ലെന്നും ഇറാൻ അധികൃതർ പറയുന്നു. സൈനിക നടപടിയിലൂടെ ഇറാനെ അധിനിവേശം ചെയ്ത് ഒരു പാവ ഭരണകൂടത്തെ പ്രതിഷ്ഠിക്കുകയാണ് അമേരിക്കയുടെ ലക്ഷ്യം. അതിന് പടിപടിയായി അരങ്ങൊരുക്കുകയാണിപ്പോൾ. ഇറാഖിനു ശേഷം പശ്ചിമേഷ്യയിൽ ഇസ്രയേലിന്റെ അതിക്രമങ്ങൾക്ക് ഭീഷണിയുയർത്തുന്ന ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാനെ ഇല്ലായ്മ ചെയ്യാൻ ഇസ്രയേലും അമേരിക്കയും ആഗ്രഹിക്കുന്നു. ഇറാൻ ആണവ നിർവ്യാപന കരാറിൽനിന്ന് പിന്മാറുകയും അന്താരാഷ്ട്ര ആണവോർജ ഏജൻസിയുമായുള്ള സഹകരണം അവസാനിപ്പിക്കുകയും ചെയ്താൽ അക്കാര്യം ചൂണ്ടിക്കാട്ടി കൂടുതൽ കർക്കശ നടപടികൾ സ്വീകരിക്കാൻ അമേരിക്കക്ക് കഴിയും. അതിനായി ഇറാനെ കൂടുതൽ പ്രകോപിപ്പിക്കാനാണ് അമേരിക്ക ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലോകം നിസ്സംഗത പാലിക്കുന്നത് അമേരിക്കക്ക് കൂടുതൽ ധൈര്യം പകരുന്നു. ഇറാഖിലെ അനുഭവത്തിൽനിന്ന് ലോകരാജ്യങ്ങൾ ഇനിയും ഒന്നും പഠിച്ചില്ലെന്നുവരുമോ? ■